# ജാമക്കാരൻ
# JAMAKKARAN

VOLUME - 5 Reg NO.TNBIL/2016/70171 ISSUE - 8
AUGUST - 2021 TAMIL & MALAYALAM
ANNUAL SUBSCRIPTION - Rs.60/= FOREIGN - Rs.600/=

(ജാമക്കാരനിൽ) സകലവും ശോധന ചെയ്ത് നല്ലത് മുറുകെ പിടിപ്പിൻ (1 തെസ: 5:21) പ്രയോജനമുള്ളതു ഒന്നും മറച്ചുവച്ചിട്ടില്ല (അ.പ്ര.20:20).
ആത്മീകനോ സകലത്തെയും വിവേചിക്കുന്നു; താൻ ആരാലും വിവേചിക്കപ്പെടുന്നതുമില്ല. (1 കൊരി:2:15)
(ആത്മീയ മനുഷ്യൻ എല്ലാകാര്യങ്ങളും വിവേചിച്ചറിയുന്നു; അവനെ വിധിക്കാൻ ആർക്കും സാധിക്കുകയുമില്ല - ത്തോലിക്ക വേദപുസ്തകം).

0427 - 2387499. E-mail : jamakaran@yahoo.com. Fax: 0427- 2386464. www.jamakaran.com
Mob.: No. 9894261333 This No. is for SMS Purpose only



കർത്താവിൽ പ്രിയരെ,

മെയ് മാസം വരെയുള്ള ജാമക്കാരൻ നിങ്ങളുടെ കൈകളിൽ എത്തിച്ചേർന്നിരിക്കും എന്നു ഞാൻ വിശ്വസിക്കുന്നു. കൊറോണയിൽ നിന്നും ഞാൻ സൗഖ്യത്തോടെ വീണ്ടും ദൈവവേലയിൽ പ്രവേശിക്കുവാൻ സഹായിച്ച ദൈവത്തെ സ്തുതിക്കുന്നു. ദൈവനാമത്തിൽ നന്ദി അർപ്പിക്കുന്നു.

എന്നെപ്പോലെ തന്നെ ട്രൈബൽ മിഷൻ (ആനക്കട്ടി) ആശുപത്രിയിലെ ഡോ. മുരളീധർ എം.ഡി. അവർകളും അദ്ദേഹത്തിന്റെ ഭാര്യയായ ഡോ. ഏലിയാമ്മ മുരളീധർ അവർകളും കൊറോണയാൽ ബാധിക്കപ്പെട്ട് വളരെ സീരിയസ്സായി കോയമ്പത്തൂർ ആശുപത്രിയിൽ ആയിരുന്ന വിവരവും ജാമക്കാരൻ മാസികയിലൂടെ

# AUGUST - 2021

നിങ്ങൾ ഏവരും അറിഞ്ഞിരിക്കും. ഇതിൽ ഡോ. ഏലിയാമ്മ മുരളീധർ അവർകൾ വളരെ വേഗം തന്നെ സൗഖ്യമായി ഭവനത്തിൽ എത്തിച്ചേർന്നു. എന്നാൽ ഡോ. മുരളീധർ അവർകൾ വളരെ സീരിയസായി ഐ.സി.യു.വിൽ പ്രവേശിപ്പിക്കപ്പെട്ടു. ദൈവകൃപയാൽ ഒരുവിധം സൗഖ്യപ്പെട്ട് ഇപ്പോഴും ആനക്കട്ടി ആശുപത്രിയിൽ തന്നെ ഓക്സിജന്റെ സഹായത്താൽ ജീവനോടെയിരിക്കുന്നു. ഇതുവരേയും ഓക്സിജൻ ലെവൽ നോർമൽ ആയിട്ടില്ല. കുളിക്കുകയോ നടക്കുകയോ ചെയ്താൽ ഉടൻ തന്നെ വീണ്ടും ഓക്സിജൻ ലെവൽ കുറയുന്നു. ഇപ്പോൾ ആഗസ്റ്റ് മാസം 9–ാം തീയതി ഈ എഡിറ്റോറിയൽ എഴുതുമ്പോഴും സ്ഥതിയിൽ വളരെ മാറ്റമൊന്നും സംഭവിച്ചിട്ടില്ല. രാത്രിയിൽ ഉറങ്ങുമ്പോഴും ഓക്സിജന്റെ സഹായത്തോടെ ആയിരിക്കണമെന്നാണ് ഡോക്ടർമാരുടെ നിർദ്ദേശം. അദ്ദേഹത്തിന്റെ പൂർണ്ണമായ സൗഖ്യത്തിനും വിടുതലിനുമായി തുടർന്നും വിശ്വാസികളുടെ ആത്മാർത്ഥമായ പ്രാർത്ഥന ആവശ്യപ്പെടുന്നു.

- ☐ ഇപ്പോൾ ഒരിടത്തും കൺവെൻഷനുകൾ നടത്തുവാനുള്ള സാഹചര്യം ഇല്ലാത്തതിനാൽ ഞാൻ പൂർണ്ണമായും ഭവനത്തിൽ എഴുത്തുകളിലും പ്രാർത്ഥനയിലും ആയിരിക്കുന്നു. സഭകളിൽ ആരാധന നടത്തുവാൻ സർക്കാർ അനുവദിച്ചാലും 40 പേരിൽ കൂടുതൽ ആകുവാൻ പാടില്ലായെന്നാണ് സർക്കാർ നിർദ്ദേശം.

- ☐ കേരള സംസ്ഥാനത്തെ ഓർത്ത് മനസ്സിൽ വളരെ ഭാരം തോന്നുന്നു. ഇൻഡ്യയിൽ തന്നെ ഏറ്റവും ഉയർന്ന വിദ്യാസമ്പന്നരായിട്ടും, ജാഗ്രതയുടെ കാര്യത്തിൽ മുൻപന്തിയിൽ ആയിരുന്നിട്ടും കോവിഡ് ബാധിതരുടെ എണ്ണം ഓരോ ദിവസവും കൂടി വരികയാണ്. കോവിഡിന്റെ വകഭേദങ്ങൾ കൂടുതലായി കാണപ്പെട്ടു വരുന്ന ഒരു സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. അതോടൊപ്പം പക്ഷിപ്പനിയും ഡെങ്കിപ്പനിയും ബാധിതരുടെ എണ്ണവും വർദ്ധിച്ചു കൊണ്ടിരിക്കുന്നു.

ദൈവം അറിയാതെ ഇതൊന്നും സംഭവിക്കുകയില്ല. മഹാമാരിയും ഇതുപോലെയുള്ള മാരകരോഗങ്ങളും ജനങ്ങളോടുള്ള ദൈവകോപത്തിന്റെ അടയാളങ്ങൾ ആകുന്നു. ഇതൊന്നും ജാതികൾക്ക് മനസ്സിലാക്കുവാൻ കഴിയുകയില്ല. വേദപുസ്തകം വായിച്ചു ഗ്രഹിച്ച ക്രിസ്ത്യാനികൾക്കു തന്നെ ഇതെല്ലാം മനസ്സിലാക്കുവാൻ സാധിക്കും. കൊറോണരോഗവ്യാപനം അതിരൂക്ഷമായി വർദ്ധിച്ചതോടെ വിവിധ ക്രിസ്തീയ വിഭാഗക്കാർ ദൈവത്തോട് പ്രാർത്ഥിക്കുവാൻ തുടങ്ങിയിരിക്കുന്നു. വിവിധ മാധ്യമങ്ങളിൽക്കൂടിയും സഭകളിൽ 40 ദിവസം, 100 ദിവസം, 360 ദിവസം തുടങ്ങി ഉപവാസ പ്രാർത്ഥനകൾ നടത്തിയും ദൈവത്തോടു പ്രാർത്ഥിക്കുന്നതായി നാം കാണുന്നു. ഇതിനായി വളരെയധികം പ്രചാരണപരിപാടികൾ നടത്തി, ധനാഭ്യർത്ഥനകളിൽക്കൂടി ധാരാളം പണപിരിവും നടത്തിക്കൊണ്ടിരിക്കുന്നു. പട്ടിണി കിടന്ന് ഉപവസിക്കുവാൻ പണം പിരിക്കേണ്ട ആവശ്യം എന്താണ്. റ്റി.വി. യിൽ അനേകം കത്തുകൾ നിരത്തി വച്ചുകൊണ്ട് അവർക്കായി പ്രാർത്ഥിക്കുന്നതിന്റെ ദൃശ്യങ്ങൾ പ്രദർശിപ്പിക്കുന്നു. പ്രാർത്ഥനയിൽ കരച്ചിലിന്റെ ശബ്ദത്തേയും നമുക്ക് കാണിച്ചു തരുന്നു. എന്ത് ആവേശകരമായ പ്രാർത്ഥന. ജനങ്ങൾ കാണുവാൻ തക്കവണ്ണം വ്യാജകണ്ണുനീർ ഒഴുക്കുന്നു. അതുകണ്ട് വിശ്വാസികളുടെ മനമുരുകുന്നതാണ് ഏറ്റവും വലിയ മണ്ടത്തരം. ഈ കാപട്യം ഇന്ന് വളരെ പ്രചാരത്തിലായിരിക്കുന്നു. ഇതോടൊപ്പം അന്യഭാഷയിൽ സംസാരിക്കുന്നത് വിശ്വാസികൾക്ക് ബോധ്യപ്പെടുവാൻ റ്റി.വി. യിൽക്കൂടി പ്രദർശിപ്പിക്കുന്നു. എന്നാൽ ഇത് കാണുന്ന ജാതികൾക്ക ഇവർ ഒരു പരിഹാസ പാത്രമായി മാറുകയാണ്. കേരളത്തിലെ പ്രധാനപ്പെട്ട 4 റ്റി.വി. ചാനലുകളിലും 24 മണിക്കൂറും ഈ കപടഭാഷ സംസാരിച്ച് വിശ്വാസികളെ വഞ്ചിക്കുന്ന പ്രവണതക്കൂടി വരികയാണ്. ഞങ്ങളിൽ പരിശുദ്ധാത്മാവിന്റെ ശക്തി കൂടുതൽ ഉണ്ട് എന്നു

കാണിക്കുവാനാണ് ഇങ്ങനെ ഒരു പ്രകടനം ഇവർ നടത്തുന്നത്. ഇവരുടെ ഈ വിധത്തിലുള്ള കപടപ്രാർത്ഥനകൾ ദൈവം ഒരിക്കലും അംഗീകരിക്കുകയില്ല.

- യഥാർത്ഥമായി മാനസാന്തരപ്പെട്ട വിശ്വാസികൾ അവർ ആയിരിക്കുന്ന സ്ഥലങ്ങളിൽ ഒരുമിച്ച് കൂടിയിരുന്നു അവരവരുടെ ഭാഷകളിൽ ദൈവത്തോട് കൊറോണയെന്ന മഹാമാരിയിൽ നിന്നുള്ള വിടുതലിനായി പ്രാർത്ഥിക്കുക. നിങ്ങളുടെ സ്വകാര്യ പ്രാർത്ഥനകളിലും ഇതു തുടരണം.

- നിങ്ങൾ അയച്ചു തന്ന പ്രാർത്ഥനാവിഷയങ്ങളടങ്ങിയ എല്ലാ കത്തുകളും എന്റെ മേശപ്പുറത്തുണ്ട്. എല്ലാ കത്തുകൾക്കും എല്ലാ വിഷയങ്ങൾക്കും വേണ്ടി ഞാൻ ദിവസവും പ്രാർത്ഥിക്കുന്നു. എന്നാൽ ഈ കത്തുകൾക്ക് യഥാസമയം എല്ലാവർക്കും മറുപടി അയയ്ക്കുവാൻ എനിക്ക് സാധിക്കുന്നില്ല. ഇ–മെയിൽ മുഖേനയും കത്തുകൾ വഴിയായും പ്രാർത്ഥനാവിഷയങ്ങൾ അയയ്ക്കുന്നവർ ദയവായി നിങ്ങളുടെ **ഫോൺ നമ്പർ** കൂടി അയച്ചു തന്നാൽ ഫോൺ മുഖേന പ്രാർത്ഥിക്കുവാൻ എനിക്ക് സഹായമായിരിക്കും.

  അങ്ങനെ ഫോൺ മുഖേനയുള്ള പ്രാർത്ഥനയാൽ അനേകർക്ക് രോഗവിമുക്തിയും ആശ്വാസവും ലഭിച്ചതായുള്ള അനേകം കത്തുകളും എനിക്കു ലഭിച്ചു കൊണ്ടിരിക്കുന്നു. ദൈവത്തിന് സ്തോത്രം.

- അവസാനമായി എനിക്ക് നിങ്ങളോട് പറയുവാനുള്ള ഒരു കാര്യം, പ്രാർത്ഥനയ്ക്കായി ആരും എനിക്ക് സാമ്പത്തികസഹായം അയക്കരുത്. പ്രാർത്ഥന വിൽപ്പനക്കായി വച്ചിരിക്കുന്ന സാധനമല്ല, പണം കൊടുത്ത് ആർക്കും വാങ്ങുവാനും കഴിയുന്നതല്ല. ദൈവം നിങ്ങളെ അനുഗ്രഹിക്കട്ടെ.

**- Dr. Pushparaj**

# മരണം

കൊറോണ എന്ന മഹാമാരിയാൽ ബാധിക്കപ്പെട്ട് മരണപ്പെട്ടവരുടെ എണ്ണം വളരെയധികം വർദ്ധിച്ചതിനാൽ ആയിരിക്കും ഇന്ന് അനേകരുടെ മനസ്സിൽ മരണഭയം കൂടുതലായി കാണപ്പെടുന്നു. മരണത്തെക്കുറിച്ചുള്ള കൂടുതൽ കാര്യങ്ങൾ അറിയുവാൻ അനേകർ ആഗ്രഹിക്കുന്നു. തമിഴ്നാട്ടിൽ ക്രിസ്ത്യാനിയായ ഒരു പ്രമാണിയും ധനവാനുമായ വ്യക്തിക്ക് കൊറോണ ബാധിച്ചു. പരിമിതമായ ചികിത്സാസൗകര്യങ്ങളിൽ നിന്നും അദ്ദേഹത്തെ എല്ലാ സൗകര്യങ്ങളും ഉള്ള ചെന്നൈയിലെ പേരുകേട്ട കാവേരി ആശുപത്രിയിൽ പ്രവേശിപ്പിച്ചു. 22 ദിവസം തുടർച്ചയായി വിവിധങ്ങളായ ചികിത്സകൾക്ക് അദ്ദേഹം വിധേയനായി. ഈ ചികിത്സകൾക്ക് അദ്ദേഹത്തിന് 32 ലക്ഷത്തോളം രൂപ ചിലവാക്കേണ്ടി വന്നു. എന്നിട്ടും അദ്ദേഹത്തെ സൗഖ്യപ്പെടുത്തുവാൻ സാധിച്ചില്ല. ഒടുവിൽ മരണത്തിന് കീഴടങ്ങിയ അദ്ദേഹത്തിന്റെ മൃതശരീരം പോലും അദ്ദേഹത്തിന്റെ സ്വദേശത്ത് എത്തിക്കുവാൻ കഴിയാതെ ചെന്നൈയിൽ തന്നെ ക്രിസ്തീയ ആചാരപ്രകാരം അടക്കം ചെയ്യപ്പെട്ടു. ഇത്രയും ലക്ഷങ്ങൾ ചിലവാക്കിയിട്ടും അദ്ദേഹത്തെ മരണത്തിൽ നിന്നും രക്ഷപ്പെടുത്തുവാൻ സാധിച്ചില്ല.

മരണം ഏതു സമയത്തും എപ്പോഴും മനുഷ്യനെ സന്ദർശിക്കാം. ഈ പ്രപഞ്ചത്തിൽ ജനിച്ച ഏതൊരു മനുഷ്യനും ഒരിക്കൽ മരണത്തെ നേരിടണം. ഈ മരണത്തിൽ നിന്നും ആർക്കും രക്ഷപ്പെടുവാൻ സാധ്യമല്ല. മരണത്തിനു മുൻപിൽ ക്രിസ്ത്യാനിയെന്നോ ജാതികളെന്നോ ഉള്ള വ്യത്യാസമില്ല. തമിഴ്നാട്ടിലെ ഒരു ക്രിസ്തീയ മാസികയിൽ മരണപ്പെട്ട ചില ദൈവദാസൻമാരുടെ ഫോട്ടോകൾ പ്രസിദ്ധീകരിക്കുകയുണ്ടായി. അതിൽ

വൈദികർ, ബിഷപ്പുമാർ, വിവിധ സഭകളിലെ പ്രശസ്തരായ പ്രാസംഗികർ, രോഗശാന്തി വരം ലഭിച്ച പ്രശസ്തനായ ഒരു വ്യക്തിയും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. 2021 മാർച്ച് മാസം മുതൽ മെയ് മാസം വരെയുള്ള കാലയളവിൽ മരണപ്പെട്ട ദൈവദാസൻമാരുടെ എണ്ണം 760. ഇതിൽ മരണപ്പെട്ട മിഷനറിമാരുടെയോ വിശ്വാസികളുടെയോ എണ്ണം ഉൾപ്പെടുത്തിയിട്ടില്ല. കന്യാകുമാരി ജില്ലയിൽ ധനികരായ ഒരു കുടുംബത്തിലെ അപ്പനും അമ്മയും ഒരു ദിവസം തന്നെ മരണപ്പെട്ടു. ഏകമകളും മകളുടെ 6 വയസ്സായ കുഞ്ഞും ശേഷിച്ചു. ഒരേദിവസം മണിക്കൂറുകളുടെ വ്യത്യാസത്തിൽ മരണപ്പെട്ട അപ്പന്റേയും അമ്മയുടേയും മൃതശരീരം കണ്ട മകൾ ബോധം കെട്ടു വീണു. ശവസംസ്കാരം നടന്നുകൊണ്ടിരിക്കെ മകളുടെ ഭർത്താവ് തിരുവനന്തപുരത്തെ കിംസ് ആശുപത്രിയിൽ മരണപ്പെട്ടതായി വാർത്ത ലഭിച്ചു. ഭർത്താവിന്റെ ശവശരീരം തിരുവനന്തപുരത്തു തന്നെ സംസ്കരിച്ചു. മരുമകൻ മരിച്ച വിവരം ഒരുദിവസം കഴിഞ്ഞിട്ടാണ് മകളെ അറിയിച്ചത്. ഭർത്താവിന്റെ മരണവാർത്ത അറിഞ്ഞ മകളും ബോധം നശിച്ച് മരണത്തിന് കീഴടങ്ങി. അവളുടെ ഒരു അകന്ന ബന്ധു ഈ വിവരം അറിഞ്ഞ് ബാംഗ്ലൂരിൽ നിന്നും എത്തിച്ചേർന്നു. അവളുടെ കുഞ്ഞിനെ ഏതെങ്കിലും അനാഥാലയത്തിൽ ഏൽപ്പിക്കുവാൻ നാട്ടുകാർ തീരുമാനം എടുത്തു. എന്നാൽ ബാംഗ്ലൂരിൽ നിന്നും വന്ന ഈ ബന്ധുവിനെ നാട്ടുകാർക്കാർക്കും അറിയത്തില്ല. ബാംഗ്ലൂരിൽ നിന്നും വന്ന ബന്ധു, ഈ കുഞ്ഞിനെ ഏറ്റെടുക്കുവാൻ തയ്യാറായി. തന്റെ കുഞ്ഞു മക്കളോടൊപ്പം എന്റെ മകനായിട്ട് ഞാൻ ഇവനെ വളർത്തിക്കൊള്ളാം എന്ന് അദ്ദേഹം പറഞ്ഞു. ബാംഗ്ലൂരിൽ നിന്നും വന്ന അദ്ദേഹം ബാംഗ്ലൂരിലെ ഒരു ഉദ്യോഗസ്ഥനാണ്. ഇവരുടെ സ്വത്തിനുവേണ്ടി ആഗ്രഹിച്ചു വന്നവനല്ല ഞാൻ എന്ന് അദ്ദേഹം അറിയിച്ചു. നാഗർകോവിൽ പോലീസ് ഇടപെട്ട്, ബാംഗ്ലൂരിൽ നിന്നും വന്ന ബന്ധുവിന്റെ വിവരങ്ങൾ ശേഖരിച്ചശേഷം, സ്റ്റാമ്പ് പേപ്പറിൽ എഴുതി വാങ്ങി ഈ കുഞ്ഞിനെ അദ്ദേഹത്തിനെ ഏൽപിച്ചു. സാക്ഷികളായി നാട്ടുകാരിൽ ചിലരുടെ ഒപ്പും വാങ്ങി വച്ചു. ഒരേ ഭവനത്തിൽ തുടർച്ചയായ നാലു മരണങ്ങൾ. ധനാഢ്യനായ

ആ മനുഷ്യന്റെ ഭാരിച്ച സമ്പത്തിനെല്ലാം ഏക അവകാശി ആ കുഞ്ഞാണ്. ഈ കുടുംബത്തിനു സംഭവിച്ച അനർത്ഥങ്ങളെ ചൊല്ലി, ഇങ്ങനെ സംഭവിക്കുവാനുള്ള കാരണങ്ങളെ അന്വേഷിച്ച് അനേകർ എന്നെ ഫോണിൽ വിളിക്കുകയുണ്ടായി. ദൈവം സ്നേഹവാനാണ് എന്നു വേദപുസ്തകം പഠിപ്പിക്കുന്നു. പക്ഷേ, ഒരു കുടുംബത്തിൽ തന്നെ നാലുപേർ മരണപ്പെട്ടതും കുഞ്ഞ് അനാഥനാക്കപ്പെട്ടതും ഒരു ക്രൂരതയായിട്ട് ദൈവത്തിനു തോന്നിയില്ലല്ലോ? ജീവനും മരണവും ദൈവത്തിന്റെ അധികാരമാണ്. അത് എന്തുകൊണ്ട് എന്നു ചോദിക്കുവാൻ ആർക്കും അവകാശമില്ല. എല്ലാ മരണത്തിലും ദൈവത്തിന് ഒരു പ്രത്യേക ഉദ്ദ്യേശ്യമുണ്ട് എന്നു മാത്രം ചിന്തിച്ചാൽ മതി.

## മരണം എങ്ങനെ ഉണ്ടായിരിക്കും?

മരണത്തെ രുചിച്ചറിഞ്ഞത് യേശുക്രിസ്തു മാത്രം. ഞാൻ ആശുപത്രിയിൽ ഡോക്ടറായി സേവനം അനുഷ്ഠിച്ചു കൊണ്ടിരുന്നപ്പോൾ മരണത്തെ നേരിട്ടു കണ്ടിട്ടുണ്ട്. ചിലർ പിടഞ്ഞു മരിക്കും, ചിലരുടെ മരണം നിശബ്ദമായിരിക്കും. മരണത്തെ മുഖാമുഖം കാണുവാൻ കൊറോണ കാലത്ത് എനിക്കും ആഗ്രഹം ഉണ്ടായി. അങ്ങനെ മരണത്തെ മുഖാമുഖം കണ്ടാലും ആ വിവരത്തെ മറ്റുള്ളവരോട് അറിയിക്കുവാൻ കഴിയുകയില്ലല്ലോ? എന്റെ ജീവിതത്തിലും മരണത്തെ മുഖാമുഖം കണ്ട രണ്ടു അവസരങ്ങൾ ഉണ്ടായി. ഒന്നാമതായി, 2000 ജനുവരി മാസത്തിൽ ജപ്പാൻ സന്ദർശനവേളയിൽ വിമാനഅപകടം ഉണ്ടായി. എന്നോടൊപ്പം 400 പേരുൾപ്പെട്ട യാത്രാവിമാനം എൻജിൻ തകരാറുമൂലം കടലിലേക്ക് മൂക്കുകുത്തി വീഴുവാനുള്ള സ്ഥിതി ഉണ്ടായി. പൈലറ്റ് എല്ലാവരോടും ലൈഫ് ജാക്കറ്റ് ധരിക്കുവാൻ ആവശ്യപ്പെട്ടു. ഈ സന്ദേശം ലഭിക്കുമ്പോൾ തന്നെ ഞങ്ങൾക്കു മനസ്സിലായി വിമാനം കടലിൽ പതിക്കുവാൻ പോകുന്നുവെന്ന്. യാത്രക്കാർ ഭയന്ന് നിലവിളിച്ചുകൊണ്ട് അവരവരുടെ വിശ്വാസം അനുസരിച്ച് തങ്ങളുടെ ദൈവത്തോടു പ്രാർത്ഥിക്കുവാൻ തുടങ്ങി. ആ സമയം ഞാൻ ഈ

വിമാനത്തിലുള്ള എന്റെ സഹയാത്രികർ എല്ലാവരും എന്റെ യേശുവിനോട് പ്രാർത്ഥിക്കേണമേ എന്നു പ്രാർത്ഥിച്ചുകൊണ്ടിരുന്നു. വിമാനം 90 ഡിഗ്രിയിൽ തലകീഴായി കടലിൽ പതിക്കുവാനായി പോകുന്നത് ഞങ്ങൾ സ്ക്രീനിൽ കൂടി കണ്ടു. ആ അവസരത്തിലും എനിക്ക് മരണഭയം ഉണ്ടായിട്ടില്ല. ഓരോ ദിവസവും ഞാൻ ഭവനത്തിൽ നിന്നും പുറപ്പെടുമ്പോഴും മരണത്തെ നേരിടുവാൻ തയ്യാറായി തന്നെയാണ് പുറപ്പെട്ടിരുന്നത്. ഇപ്പോഴും ആ ഒരുക്കത്തോടെ തന്നെയാണ് യാത്ര ചെയ്തു കൊണ്ടിരിക്കുന്നത്. പക്ഷേ, വിമാനം കടലിനുള്ളിൽ താഴ്ന്നു പോയാൽ എന്റെ ശവശരീരം പോലും വീട്ടിൽ എത്തിക്കുവാൻ കഴിയാതെ വരും. ശരീരം ഇല്ലാത്ത എന്റെ ഭാര്യ എന്റെ ശവസംസ്കാരം എങ്ങനെ നടത്തും. മുഖം പോലും കാണുവാൻ കഴിഞ്ഞില്ലല്ലോ എന്നുള്ള ഭാരം എന്റെ ഭാര്യക്കും മക്കൾക്കും ഉണ്ടാകും. അതിനെ അഭിമുഖീകരിക്കുവാനുള്ള ധൈര്യവും ബലവും അവർക്കു നൽകേണമേ എന്നുമാത്രമേ പ്രാർത്ഥിച്ചുള്ളൂ. ഇതിനിടയിൽ ഒരു പൈലറ്റ് ധൈര്യപൂർവ്വം വിമാനത്തെ കടലിലിറങ്ങുവാൻ കഴിയാതവണ്ണം പെട്ടെന്ന് ഉയർത്തി കൊണ്ടു പോയി. വിമാനം തലനാരിഴക്ക് രക്ഷപ്പെടുകയും ചെന്നൈയെ ലക്ഷ്യമാക്കി യാത്ര തുടങ്ങുന്നുവെന്നുള്ള അറിയിപ്പും ഉണ്ടായി. തലക്കും മുഖത്തും ഏറ്റ ചെറിയ പരിക്കുകളോടെ എന്നെ ചെന്നൈയിലെ അപ്പോളോ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്തു.

## മരണത്തെ മുഖാമുഖം കണ്ട രണ്ടാമത്തെ അനുഭവം

കൊറോണാ മഹാമാരിയാൽ ബാധിക്കപ്പെട്ട് സേലത്തുള്ള ഒരു വലിയ ആശുപത്രിയിൽ അഡ്മിറ്റ് ചെയ്യപ്പെട്ടു. കൊറോണാ വാർഡിൽ പ്രത്യേകം സജ്ജീകരിക്കപ്പെട്ട മുറിയിൽ എന്റെ സഹായത്തിനുപോലും ആരെയും അനുവദിക്കാതെ ഒറ്റപ്പെട്ട നാളുകൾ. ഓരോ ദിവസവും ഓക്സിജന്റെ ലെവൽ കുറഞ്ഞു കൊണ്ടിരുന്നു. നാലാം ദിവസം രാത്രിയിൽ ലൈറ്റെല്ലാം ഓഫാക്കിയശേഷം രാത്രി ഏകദേശം രണ്ടു മണിയോടടുത്ത സമയം, ഓക്സിജൻ ഉണ്ടായിരുന്നിട്ടും അത് വലിക്കുവാൻ എനിക്കു തടസ്സം നേരിട്ടു.

ഞാനായിട്ടു തന്നെ വളരെ ശക്തിയായിട്ട് ഓക്സിജനെ ശ്വസിക്കുവാൻ ശ്രമിച്ചപ്പോൾ എനിക്ക് ശക്തമായ ശ്വാസം മുട്ടലുണ്ടായി. ഞാൻ ഒരു കൈകൊണ്ട് അടുത്ത കൈപിടിച്ച് നാഡി മിടിപ്പ് നോക്കി. തത്സമയം വളരെ താണ നിരക്കിൽ നാഡിയുടെ സ്പന്ദനം പൊയ്ക്കൊണ്ടിരിക്കുന്നതായി മനസ്സിലാക്കി. ആ സമയം നഴ്സുമാരെ വിളിക്കുവാനുള്ള ശക്തിപോലും എനിക്കില്ലായിരുന്നു. അവിടെ കോളിംഗ് ബല്ലിന്റെ സജ്ജീകരണവും ഇല്ലായിരുന്നു. രാത്രി കിടക്കയിൽ വച്ച് ഞാൻ പ്രാർത്ഥിച്ചിരുന്നു. അതിനുശേഷം പ്രാർത്ഥിച്ചില്ല. എന്റെ സ്ഥിതി എനിക്കു മനസ്സിലായി. ചില നിമിഷങ്ങൾക്കകം ഞാൻ മരണത്തോട് അടുക്കുവാൻ പോകുന്നു എന്ന ചിന്ത എന്റെ മനസ്സിലുണ്ടായി. ഹല്ലേലൂയ്യ, സ്തോത്രം എന്നൊന്നും പറയുവാൻ എനിക്കു തോന്നിയിട്ടില്ല. പക്ഷേ, എന്റെ ഉള്ളിലുള്ള ദൈവത്തിന്റെ പരിശുദ്ധാത്മാവ് എന്റെ ഉള്ളിൽ വ്യത്യസ്തമായ ഒരു സന്തോഷത്തിന്റെ അനുഭവം ഉളവാക്കി. ഞാനിതാ മരണത്തെ അഭിമുഖീകരിക്കുവാൻ പോകുന്നു. ശ്വാസം നിലച്ചു പോയാൽ എനിക്ക് എന്തു സംഭവിക്കും. അപ്പോൾ ദൂതൻമാർ എന്നെ കൊണ്ടുപോകുവാൻ വരുമോ? അത് എന്റെ കണ്ണുകൾ ദർശിക്കുമോ? ഇങ്ങനെയുള്ള പല ചിന്തകളും എന്നിലുണ്ടായി. അതിനുശേഷം എന്തു സംഭവിച്ചു എന്ന് എനിക്ക് അറിയുവാൻ സാധിച്ചില്ല. അതിരാവിലെ നാലരമണിക്ക് പതിവുപോലെ എന്നെ പരിശോധിക്കുവാനും രക്തസാമ്പിൾ എടുക്കുവാനുമായിട്ട് നഴ്സുമാർ കയറി വന്നു. അപ്പോൾ അവർ എന്നെ ഉണർത്തുവാൻ ശ്രമിച്ചു. എന്നാൽ എനിക്ക് ഉണരുവാൻ കഴിഞ്ഞില്ല. എന്നാൽ അവർ സർ എന്നുവിളിച്ച് എന്നെ തൊട്ടുണർത്തി. മോണിറ്ററും മെഷീനും എല്ലാം അവർ എന്റെ മുന്നിൽ ഘടിപ്പിച്ചു. അപ്പോൾ ഓക്സിജൻ ലെവൽ 78 എന്നത് മോണിറ്ററിൽ തെളിഞ്ഞു. എന്നാൽ ഞാൻ തന്നെ നേരത്തെ ചെയ്തിരുന്നപോലെ ഓക്സിജൻ നീട്ടി വലിച്ചു കൊണ്ടിരുന്നു. അപ്പോഴും ഞാൻ അപകടനില തരണം ചെയ്തിട്ടില്ലായെന്ന് മനസ്സിലാക്കി. എങ്ങനെയോ 12-ാം ദിവസം ഓക്സിജൻ ലെവൽ ഉയർന്നു. പിന്നെ, 14-ാം ദിവസം എന്നെ ആശുപത്രിയിൽ നിന്നും ഡിസ്ചാർജ് ചെയ്തു. ദൈവത്തിന് സ്തുതി. വീട്ടിൽ

എത്തിയതിനുശേഷം ഒരു മാസത്തെ തുടർച്ചയായ വ്യായാമത്തിൽ പൂർവ്വസ്ഥിതിയിലായി. തുടർന്ന് ഓഫീസിൽ എന്റെ ദൈവവേലയിൽ ഞാൻ തുടർന്നു.

## ഏതാണ് നല്ല മരണം?

അപകടത്തിൽ ഒരാൾ മരിച്ചുപോയാലും രോഗക്കിടക്കയിൽ ഒരാൾ മരണപ്പെട്ടാലും അതൊക്കെ നല്ല മരണം അല്ല എന്ന് ചിലർ ചിന്തിക്കുന്നു. ഹൃദയസ്തംഭനം മൂലം ഒരാൾ മരണപ്പെട്ടാൽ, മരിച്ച വ്യക്തി നല്ല ആൾ തന്നെ എന്നാലും അവൻ ഹൃദയത്തിൽ ഏതോ രഹസ്യപാപത്തിന് അടിമപ്പെട്ടിരിക്കാം. അതിനാലാണ് അവൻ പെട്ടെന്ന് മരണപ്പെട്ടത് എന്ന് ചിലർ സാങ്കൽപിക കഥകൾ മെനയുന്നു.

വേദപുസ്തകത്തിൽ ഇയ്യോബ് എന്ന ദൈവഭക്തൻ ഉണ്ടായിരുന്നു. അവൻ നിഷ്ക്കളങ്കനെന്നും നീതിമാൻ എന്നും ദൈവം സാക്ഷ്യപ്പെടുത്തുന്നു. പക്ഷേ, ജീവിതത്തിൽ ഇയ്യോബ് നേരിട്ട അനുഭവത്തിനെതിരായി രഹസ്യം പാപം ചെയ്തിരിക്കാം എന്ന് മറ്റുള്ളവർ കരുതി. അതുകൊണ്ടാണ്, അവരുടെ 10 മക്കളും ഒന്നിനു പിറകെ ഒന്നായി മരണപ്പെട്ടത്. അവന്റെ ജോലിക്കാരും കാരണമില്ലാതെ മരണപ്പെട്ടത്. ഇയ്യോബിന്റെ എല്ലാ സമ്പത്തും അവനു നഷ്ടമായി. അതുകൂടാതെ, അവന്റെ തല മുതൽ പാദം വരെ പരുക്കളാൽ ബാധിക്കപ്പെട്ടത് എന്നും അവന്റെ സ്നേഹിതൻമാർ വിചാരിച്ചു. പക്ഷേ, ഇയ്യോബിനെ സംബന്ധിച്ച് ദൈവവും പിശാചും തമ്മിലുള്ള സംസാരവിഷയങ്ങൾ ഒന്നും അവർ അറിഞ്ഞിട്ടില്ല. പിശാചിനെ അപമാനപ്പെടുത്തുവാനോ വെല്ലുവിളിക്കുവാനോ ദൈവം ഇയ്യോബിന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിച്ചു. ഈ വിഷയം സ്വന്തം ഭാര്യ പോലും അറിഞ്ഞിട്ടില്ല. ഇയ്യോബിന്റെ സ്നേഹിതരെപ്പോലെ ദൈവമക്കൾക്കുണ്ടാകുന്ന രോഗങ്ങൾ, പ്രതികൂലങ്ങൾ, മരണങ്ങൾ എന്നിവ അവന്റെ പാപങ്ങൾ മൂലമാണ് നേരിടുന്നത് എന്ന് തെറ്റിദ്ധരിക്കുന്നു. ലോകമക്കളുടെയിടയിൽ അങ്ങനെയാണ് ചിന്തിക്കുവാൻ തോന്നുക. ഈ വിഷയത്തിൽ വേദപുസ്തകം

എന്താണ് പറയുന്നത് എന്ന് നാം അറിയണം. ഇയ്യോബിന്റെ ഈ പ്രശ്നങ്ങൾക്കുകാരണം ഇയ്യോബല്ല. പിശാചും കാരണക്കാരനല്ല. ദൈവം തന്നെ കാരണം. ദൈവസന്നിധിയിൽ വെറുതെ നോക്കിയിരിക്കുന്ന പിശാചിനെ നോക്കി, നീ ലോകമെങ്ങും ചുറ്റി സഞ്ചരിക്കുന്നുവല്ലോ? എന്റെ മകൻ ഇയ്യോബിനെക്കുറിച്ച് നീ എന്താണ് വിചാരിച്ചിരിക്കുന്നത്? എന്ന് ദൈവം പിശാചിനോട് ചോദിച്ചശേഷമാണ് ഇയ്യോബിന്റെ ജീവിതത്തിൽ പ്രശ്നങ്ങൾ ഉണ്ടാക്കിയത്. പിശാച് ഇയ്യോബിനെ പരീക്ഷിക്കുവാനുള്ള അനുവാദം ചോദിച്ചു. അതിനു ശേഷമാണ് ഇയ്യോബിന് തുടർച്ചയായി ഓരോരോ പ്രശ്നങ്ങളും നൽകിയത്. അവസാനം പിശാച് അവനെ രോഗക്കിടക്കയിലും ആക്കി. ഇത്രയും കഷ്ടങ്ങൾ അനുഭവിച്ചിട്ടും ഇയ്യോബ് ദൈവത്തെ ദുഷിച്ചില്ല. സ്വന്തഭാര്യപോലും ഇയ്യോബിനോട്, ദൈവത്തെ ദുഷിച്ച് മരിക്കുവാൻ നിർബന്ധിച്ചിട്ടും അവൻ ദൈവത്തെ ദുഷിക്കുകയോ ദൈവത്തോട് പിറുപിറുക്കുകയോ ചെയ്തില്ല. മറിച്ച് “അവൻ എന്നെ കൊന്നാലും ഞാൻ അവനെത്തന്നെ കാത്തിരിക്കും. ഞാൻ എന്റെ നടപ്പ് അവന്റെ മുമ്പാകെ തെളിയിക്കും” (ഇയ്യോ. 13:15) എന്നാണ് ഇയ്യോബ് പറഞ്ഞത്. അങ്ങനെ പിശാചിനെ വെല്ലുവിളിക്കുവാനും അപമാനപ്പെടുത്തുവാനും ദൈവം ഇയ്യോബിനെ തെരഞ്ഞെടുത്തു. ഇയ്യോബ് അങ്ങനെ തെളിയിച്ചശേഷം ഒറ്റ വചനത്തിൽ തന്നെ ഇയ്യോബിനെ സൗഖ്യമാക്കി അവന് നഷ്ടപ്പെട്ടതെല്ലാം ഇരട്ടിയായി നൽകി അനുഗ്രഹിച്ചു. അതുകൊണ്ട് ദൈവമക്കൾക്കു വരുന്ന രോഗം, മരണം, നഷ്ടങ്ങൾ ഒന്നും അവന്റെ പാപം മൂലം വരുന്നതല്ല എന്ന് ഇയ്യോബിന്റെ ചരിത്രം തെളിയിക്കുന്നു.

“എല്ലാവർക്കും എല്ലാം ഒരുപോലെ സംഭവിക്കുന്നു. നീതിമാനും ദുഷ്ടനും നല്ലവനും നിർമ്മലനും മലിനനും യാഗം കഴിക്കുന്നവനും യാഗം കഴിക്കാത്തവനും ഒരേ ഗതി വരുന്നു” (സഭാ. 9:2). അതുകൊണ്ട്, രക്ഷിക്കപ്പെട്ട ദൈവവേലക്കാരനും കാറപകടത്തിൽ മരിക്കുന്നു. മദ്യപിക്കുന്നവനും, വ്യഭിചാരത്തിൽ ഏർപ്പെടുന്നവനും കാറപകടത്തിൽ മരിക്കുന്നു. അതുകൊണ്ട്

മരണം എല്ലാവർക്കും ഒന്നുപോലെ തന്നെ സംഭവിക്കും. പക്ഷേ, അതിൽ നാം ശ്രദ്ധിക്കേണ്ട പ്രധാന വിഷയം, മരിച്ചവൻ, **മരണസമയത്ത്** മാനസാന്തര അനുഭവത്തോടെ മരിച്ചുവോ? നിരപ്പാകേണ്ടിയവരോട് അവൻ നിരപ്പ് പ്രാപിച്ചിരുന്നുവോ എന്നതാണ് പ്രധാനവിഷയം. മേൽപറഞ്ഞ ഈ അനുഭവങ്ങൾ ഇല്ലാതെ ഒരാൾ മരിച്ചു പോയാൽ **അത് നല്ല മരണം അല്ല.**

യേശുക്രിസ്തുവിന്റെ സുവിശേഷപ്രസംഗത്തിലെ ഒരു സംഭവം അക്കാലത്ത് ഗലീലക്കാർ ബലിയർപ്പണം നടത്തുമായിരുന്നു. ആ സമയം പീലാത്തോസ് ബലിയർപ്പിച്ചുകൊണ്ടിരുന്ന ചിലരെ വെട്ടി, അവരുടെ രക്തത്തെ ബലിയർപ്പിതമായ മൃഗങ്ങളുടെ രക്തത്തോടൊപ്പം കലർത്തി (ലൂക്കോ. 13:1). അവിടെ ഉണ്ടായിരുന്ന മറ്റു ഗലീലക്കാർ ഓടി രക്ഷപ്പെട്ടു. ഗുരോ, ഈ വിഷയത്തിൽ അങ്ങയുടെ അഭിപ്രായം എന്താണെന്ന് പരീശൻമാർ യേശുവിനോടു ചോദിച്ചു. അതിന് യേശു, കൊല്ലപ്പെട്ടവർ എല്ലാവരും പാപികളെന്നും, ഓടി രക്ഷപ്പെട്ടവർ എല്ലാം നീതിമാൻമാർ എന്നും കരുതുന്നുവോ? അങ്ങനെ അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളും **മാനസാന്തരപ്പെടാതെ** പോയാൽ നിങ്ങൾക്കും അങ്ങനെ തന്നെ സംഭവിക്കും. അതുപോലെ ശീലോഹാമിലെ ഗോപുരം വീണ് മരിച്ചവരെല്ലാം പാപികളെന്നും യെരുശലേമിലുള്ള മറ്റുള്ളവരെല്ലാം നീതിമാൻമാർ എന്നും കരുതുന്നുവോ? അങ്ങനെ അല്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. നിങ്ങളും മാനസാന്തരപ്പെടാഞ്ഞാൽ അങ്ങനെ തന്നെ മരിക്കും, ഇതിൽ യേശുക്രിസ്തു പറയുവാൻ ആഗ്രഹിച്ച പ്രധാന വിഷയം, കൊല്ലപ്പെട്ടവർ, അപകടത്തിൽ മരണപ്പെട്ടവർ, ഇവർ എങ്ങനെ മരിച്ചു എന്നുള്ളത് പ്രധാന വിഷയമല്ല. എന്നാൽ മരിക്കുമ്പോൾ ഇവർ മാനസാന്തപ്പെട്ടിരുന്നുവോ എന്നുള്ളതാണ് പ്രധാനവിഷയം. അതുകൊണ്ട്, അവർ എങ്ങനെ മരിച്ചു എന്നുള്ളത് പ്രധാനവിഷയമല്ല. മരിക്കുമ്പോൾ അവന്റെ വിശ്വാസം, സാക്ഷ്യം, അവന്റെ മാനസാന്തരം എങ്ങനെയുള്ളതായിരുന്നു എന്നതാണ് പ്രധാനവിഷയം.

അതുകൊണ്ടു തന്നെ സഭാപ്രസംഗി 7:1–4 വരെ ജ്ഞാനി പറയുന്നത് ശ്രദ്ധിക്കണം. ഒരുത്തന്റെ ജനനദിവസത്തേക്കാൾ മരണനാൾ ആണ് നല്ലത്. വിരുന്നുവീട്ടിൽ പോകുന്നതിനേക്കാൾ മരണവീട്ടിലേക്കു പോകുന്നത് നല്ലത്. കാരണം, ഇവിടെ എല്ലാ മനുഷ്യരുടേയും അവസാനം കാണാം. അങ്ങനെ തന്നെ ജ്ഞാനികളുടെ ഹൃദയം മരണവീട്ടിൽ ഉണ്ടായിരിക്കും. എന്തുകൊണ്ടാണ് ജ്ഞാനികൾ മരണവീടിനെ ശ്രദ്ധിക്കുന്നത്. അവർ എങ്ങനെ മരണപ്പെട്ടു എന്ന് അറിയുവാനല്ല, മരിക്കുമ്പോൾ അവന്റെ ആത്മാവ് എങ്ങനെ ആയിരുന്നു എന്നതാണ്? അവൻ മാനസാന്തരപ്പെട്ടവൻ ആയിരുന്നുവോ എന്നറിയുവാൻ വേണ്ടിയിട്ടാണ് ജ്ഞാനി മരണവീടിനെ ശ്രദ്ധിക്കുവാൻ ആഗ്രഹിച്ചത്.

ഇതിൽ ഉള്ള രഹസ്യം എന്തെന്നാൽ, താൻ എത്ര ദൈവവേല ചെയ്താലും വരം ലഭിച്ച വേലക്കാരനായി പ്രവർത്തിച്ചാലും എത്ര വലിയ സാമൂഹ്യസേവനം ചെയ്തിരുന്നാലും മരിക്കുമ്പോൾ മാനസാന്തര അനുഭവം ഇല്ലാതെ മരിച്ചു പോയാൽ ന്യായവിധിയിൽ ഇവർ എല്ലാവരും നരകത്തിൽ തള്ളപ്പെടും.

ഒരുപക്ഷേ, 40 വർഷത്തോളം മാനസാന്തര അനുഭവത്തോട് പാപമോചനം ലഭിച്ചവനായി ജീവിച്ചിരുന്നാലും മരണസമയത്തിൽ പാപം ചെയ്തിരുന്നാൽ കർത്താവ്, 40 വർഷത്തെ മാനസാന്തര അനുഭവത്തെ കണക്കിൽ എടുക്കുന്നില്ല. അവൻ ചെയ്ത വലിയ ദൈവവേലയേയും കണക്കിൽ എടുക്കുന്നില്ല. അതുകൊണ്ടു തന്നെ തിരുവചനം ഇങ്ങനെ പറയുന്നു ‘‘എന്നാൽ അവസാനത്തോളം സഹിച്ചു നിൽക്കുന്നവൻ രക്ഷിക്കപ്പെടും” (മത്താ. 24:13).

ചിലർ തെറ്റിദ്ധരിക്കുന്നത് ഇങ്ങനെയാണ്. യേശു മനസ്സലിവുള്ളവനാണ്. നാം എത്ര തന്നെ പാപം ചെയ്താലും അവൻ ക്ഷമിക്കുന്നവനാണ് അതുകൊണ്ട് മരണം വരെ പാപത്തിൽ ജീവിച്ച്, മരിക്കുന്ന

അവസരത്തിൽ യേശുവേ, രക്ഷിക്കേണമേയെന്ന് നിലവിളിച്ച് പ്രാർത്ഥിച്ചാൽ യേശുക്രിസ്തു മനസ്സലിഞ്ഞ് എല്ലാം ക്ഷമിക്കും. ശിംശോന്റെ ജീവിതത്തിലും അതാണ് സംഭവിച്ചത്. മരണസമയം വരെയും അവൻ വ്യഭിചാരിണിയുടെ മടിയിലാണ് കിടന്നത്. അവൻ മരണത്തിന്റെ അവസാനനിമിഷം, കർത്താവേ, ഈ ഒരു പ്രാവശ്യം എന്നോട് ക്ഷമിക്കേണമേ എന്ന് കെഞ്ചി പ്രാർത്ഥിച്ചു. അങ്ങനെ അവൻ പറയുവാൻ കാരണം, അവൻ പല പ്രാവശ്യം വ്യഭിചാരം ചെയ്തിട്ടും ദൈവം അവന് മാപ്പ് നൽകി. പക്ഷേ, അവൻ ഇപ്പോൾ മരണവാതിൽക്കൽ എത്തി എന്ന് അവന് മനസ്സിലായി. അതുകൊണ്ടാണ് ഈ ഒരു പ്രാവശ്യം മാത്രം ക്ഷമിക്കുവാൻ അവൻ ആവശ്യപ്പെട്ടത്. വേദപുസ്തകം പറയുന്നു, പരിശുദ്ധാത്മാവ് മനുഷ്യനോട് എപ്പോഴും വാദിക്കുന്നില്ല. വാദിച്ച് നോക്കിയിട്ടും മാനസാന്തരപ്പെടാഞ്ഞാൽ പരിശുദ്ധാത്മാവ് അവനെ വിട്ട് മാറിപ്പോകും. അങ്ങനെ പരിശുദ്ധാത്മാവ് അവനെ വിട്ട് മാറിയതുകൊണ്ടാണ് അവൻ ശത്രുക്കലുടെ കയ്യിൽ അകപ്പെട്ട്, കണ്ണുകൾ ചൂഴ്ന്നെടുക്കപ്പെട്ട്, തല മൊട്ടയടിക്കപ്പെട്ട്, ചങ്ങലകളാൽ ബന്ധിക്കപ്പെട്ട് മരണത്തിന്റെ വക്കിൽ എത്തി നിൽക്കുന്നു. ഇപ്പോഴാണ് അവൻ മാനസാന്തരത്തിലേക്ക് തിരിഞ്ഞത്. ദൈവം തന്നെ ജനിപ്പിച്ച ഉദ്ദ്യേശ്യത്തെ അവൻ ഉണർന്നു. ഇപ്പോഴാണ് അവൻ അവസാനമായി ഒരു അവസരം കൂടി നൽകണമെന്ന് അപേക്ഷിക്കുന്നത്. അതാണ് യഥാർത്ഥ മാനസാന്തരം. മനസ്സിനെ അറിയുന്ന ദൈവം, അവൻ മനസ്താപത്തോടെ മാനസാന്തരപ്പെട്ടതുകൊണ്ട് അവനോടു ക്ഷമിച്ച് അവന്റെ അവസാനനിമിഷത്തിൽ തന്റെ പദ്ധതി അവനിലൂടെ നിറവേറ്റി, അവനെ സ്വർഗ്ഗരാജ്യത്തിന്റെ അവകാശിയാക്കി മാറ്റിയതോടൊപ്പം വിശ്വാസികളുടെ പട്ടികയിലും അവന്റെ പേര് ചേർക്കപ്പെട്ടു (എബ്രാ. 11). എന്തൊരു മഹാഭാഗ്യം. പക്ഷേ, എല്ലാവർക്കും ഈ ഭാഗ്യം അവസാനനിമിഷങ്ങളിൽ ലഭിക്കും എന്ന് വിചാരിക്കരുത്. നമ്മുടെ മരണം എപ്പോൾ സംഭവിക്കും എന്നത് നമുക്ക് അറിയുവാൻ സാധിക്കുകയില്ലല്ലോ? അങ്ങനെ അറിയുവാൻ കഴിയുമായിരുന്നുവെങ്കിൽ നേരത്തെ മാപ്പപേക്ഷിക്കാനോ നിരപ്പാകുവാനോ

സാധിക്കും. വേദപുസ്തകം ഉപദേശിക്കുന്നത് ശ്രദ്ധിക്കുക. "കൂടെക്കൂടെ ശാസന കേട്ടിട്ടും ശാഠ്യം കാണിക്കുന്നവൻ നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകും" (സദൃ. 29:1). ഈ വചനത്തിൽ പെട്ടെന്ന് നശിച്ചുപോകും എന്ന വാക്ക് ശ്രദ്ധിക്കുക. ചിലർ പറഞ്ഞ് ഞാൻ കേട്ടിട്ടുണ്ട്, അദ്ദേഹം നന്നായി സംസാരിച്ചുകൊണ്ടിരുന്നു. ഞങ്ങളോടൊപ്പം ചേർന്ന് ചിരിച്ചു. ചിരിച്ചു കൊണ്ടിരിക്കേ തന്നെ അദ്ദേഹത്തിന്റെ ജീവൻ പോയി. എങ്ങനെ ഇതു സംഭവിച്ചു എന്നു ഞങ്ങൾ അറിഞ്ഞില്ല. ഞങ്ങൾ ഞെട്ടിപ്പോയി. ഇതുപോലെയുള്ള വാർത്തകൾ എത്രയധികം നാം കേട്ടിട്ടുണ്ട്. ഒരു സഹോദരി പറഞ്ഞു, ഞങ്ങൾ രണ്ടു പേരും രാത്രിയിൽ ആഹാരം കഴിഞ്ഞ് കിടക്കുവാൻ പോയി. ദിവസവും എന്റെ ഭർത്താവ് കിടക്കയിൽ കിടന്നുകൊണ്ടാണ് ദിനപത്രം വായിക്കാറുള്ളത്. രാത്രിയിൽ ഞാൻ എന്റെ മകളോടൊപ്പം കിടക്കും. രാവിലെ എണീറ്റ് ഞാൻ കോഫി കൊണ്ടു പോയി കൊടുക്കാറ് പതിവുണ്ട്. ലൈറ്റ് അണച്ചിട്ടില്ല. ഭർത്താവ് പത്രം വായിച്ചു കൊണ്ടിരിക്കുകയായിരുന്നു. ഞാൻ ചോദിച്ചു, ഇതെന്താ രാത്രിയിൽ ഉറങ്ങിയില്ലേ? രാത്രി മുഴുവൻ പത്രം വായിക്കുകയായിരുന്നുവോ? എന്നു ചോദിച്ചുകൊണ്ട് ആ പത്രം ഞാൻ പിടിച്ചു വലിച്ചു. അപ്പോൾ പത്രം അദ്ദേഹത്തിന്റെ കയ്യിൽ തന്നെയിരുന്നു. അപ്പോഴാണ് മനസ്സിലായത്, അദ്ദേഹം മരണപ്പെട്ടു കഴിഞ്ഞുവെന്ന്. കണ്ണ് തുറന്നു തന്നെയിരുന്നു. ഹൃദയത്തിൽ വേദനയുണ്ടായിരുന്നുവെന്ന് മുഖലക്ഷണത്തിൽ ഒന്നും ഇല്ലായിരുന്നു. പെട്ടെന്ന് ഹൃദയത്തിന്റെ സ്പന്ദനം നിന്നുപോയി. ഇതു തന്നെയാണ്. നീക്കുപോക്കില്ലാതെ പെട്ടെന്നു നശിച്ചു പോകുമെന്ന് വേദപുസ്തകത്തിൽ കൂടെ നമുക്ക് കാണിച്ചു തരുന്നത്. മരണപ്പെട്ട ഈ വ്യക്തിക്ക് മാനസാന്തരപ്പെടുവാനോ നിരപ്പു പ്രാപിക്കുവാനോ കഴിയാതെ മരണപ്പെടുകയാണുണ്ടായത്. ഈ അവസ്ഥയിൽ അദ്ദേഹത്തിന്റെ ആത്മാവ് എവിടെ പോകും എന്ന് വായനക്കാർ ചിന്തിക്കുക. ചിലർ പറയുന്നു, ഞാൻ എത്രയോ പാപം ചെയ്തിട്ടും എനിക്ക് ഇതുവരേയും ശിക്ഷകളൊന്നും ഉണ്ടായിട്ടില്ല. ഇപ്പോഴും ഞാനും എന്റെ കുടുംബവും സന്തോഷമായിട്ട്

കഴിയുന്നുവെന്ന്. സഭാപ്രസംഗി 8:11 വായിച്ചു നോക്കുവിൻ. അവിടെ ഇപ്രകാരം എഴുതിയിരിക്കുന്നു: **ദുഷ്പ്രവൃത്തിക്കുള്ള ശിക്ഷാവിധി തൽക്ഷണം നടക്കായ്കകൊണ്ടു മനുഷ്യർ ദോഷം ചെയ്‌വാൻ ധൈര്യപ്പെടുന്നു**". ദൈവം തന്റെ കൃപയാലാണ് ശിക്ഷ അനുവദിക്കാത്തത്. അത് ചിലർ ദുരുപയോഗം ചെയ്യുന്നു.

യേശു പറഞ്ഞ ധനവാന്റെയും ലാസറിന്റെയും കാര്യത്തിൽ, ധനവാൻ താൻ മരിച്ചശേഷം ദൈവസന്നിധിയിൽ മാപ്പപേക്ഷിക്കാം എന്നു വിചാരിച്ചിരുന്നു. നമ്മുടെ ദൈവം മനസ്സലിവുള്ള ദൈവമാണ്. മരിച്ചശേഷം ദൈവസന്നിധിയിൽ എന്നോടു ക്ഷമിക്കേണമേയെന്നു കരഞ്ഞപേക്ഷിച്ചാൽ ദൈവം തന്നെ ശിക്ഷാവിധിയിൽ നിന്നും രക്ഷപ്പെടുത്തും എന്ന് അവൻ തെറ്റിദ്ധരിച്ചു. ദൈവം മനസ്സലിവുള്ളവൻ തന്നെ. പക്ഷേ നാം ജീവിച്ചിരിക്കുമ്പോൾ തന്നെ എത്ര തവണ മാപ്പപേക്ഷിച്ചാലും അത്രയും തവണയും ദൈവം ക്ഷമിക്കുവാൻ തയ്യാറാണ്. പക്ഷേ മരിച്ചു കഴിഞ്ഞാൽ നീതിയുള്ള ന്യായാധിപതിയായി ദൈവം അവിടെ ഇരിക്കും. നീതിപതി മനസ്സലിവു കാണിക്കുവാൻ പാടില്ല. ചെയ്ത തെറ്റിനുള്ള ശിക്ഷ അവന് കൊടുക്കും. ധനവാൻ പാതാളത്തിൽ നരകവേദന അനുഭവിച്ചുകൊണ്ടിരിക്കുമ്പോൾ അവന്റെ ഉള്ളിൽ മാനസാന്തരത്തിന്റെ അനുഭവം ഉണ്ടായി.

തന്റെ മാനസാന്തരത്തെ കാണിക്കുവാൻ താൻ ലോകത്തിൽ ജീവിച്ചിരിക്കുമ്പോൾ വെറുത്തിരുന്ന ലാസറിന്റെ കൈവിരൽ മുക്കി ഒരു തുള്ളിവെള്ളം തന്റെ നാക്കിലേക്ക് വീഴ്ത്തുവാൻ ദൈവത്തോട് കെഞ്ചി ചോദിച്ചു. ആ ഒരു തുള്ളി വെള്ളം അവന്റെ ദാഹത്തെ തീർക്കുമോ? തന്റെ മാനസാന്തരത്തിന്റെ അനുഭവത്തെ തെളിയിക്കുവാനായിട്ടാണ് അവൻ അങ്ങനെ പറഞ്ഞത്. പക്ഷേ അവന് അത് നിഷേധിക്കപ്പെട്ടു. ഇപ്പോൾ ധനവാൻ പാതാളത്തിൽ തന്നെ തന്റെ ശിക്ഷാവിധിയും കാത്തുകൊണ്ട് യാതന അനുഭവിച്ചു കൊണ്ടിരിക്കുന്നു. അവൻ ജീവിച്ചിരിക്കുമ്പോൾ തന്നെ

നന്മ ചെയ്യുവാനുള്ള എത്രയോ അവസരങ്ങൾ ലഭിച്ചു. പക്ഷേ അത് തക്കത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞില്ല. ഇത് വായിക്കുന്ന എന്റെ വായനക്കാർ ഇതിനെക്കുറിച്ച് ചിന്തിക്കണം. ചെറിയ ചെറിയ രോഗങ്ങൾ, അപകടങ്ങൾ വഴിയായി നിന്നോട് സംസാരിക്കുവാൻ ദൈവം ആഗ്രഹിച്ചു. എന്നാൽ ഈ അവസരങ്ങൾ നിങ്ങൾ നിഷേധിച്ചു. അതുകൊണ്ട് മരിക്കുന്നതിനുമുൻപ്, ജീവിച്ചിരിക്കുമ്പോൾ തന്നെ നിങ്ങൾ മാനസാന്തരപ്പെടേണ്ടത് ആവശ്യം.

## ഒരു മനുഷ്യൻ മരിച്ചശേഷം എന്തു സംഭവിക്കും

ശരീരം മണ്ണിനും ആത്മാവ് ദൈവകരങ്ങളിലും എത്തപ്പെടും (സഭാപ്രസംഗി 12:7). ദൈവകരത്തിൽ എത്തപ്പെടുന്ന ആത്മാവ്, ആ വ്യക്തി മാനസാന്തരത്തിന്റെ അനുഭത്തിൽ ആയിരുന്നുവെങ്കിൽ, ആ ആത്മാവിനെ പറുദീസയിലേക്ക് അയയ്ക്കുന്നു (ഇവിടെ പറുദീസ വേറെ സ്വർഗ്ഗം വേറെ എന്നു മനസ്സിലാക്കണം). ന്യായവിധി കഴിഞ്ഞിട്ടാണ് സ്വർഗ്ഗത്തിലേക്ക് പോകുവാൻ സാധിക്കുന്നത്. പഴയനിയമകാലത്തിൽ ആകാശത്തെയാണ് സ്വർഗ്ഗം എന്ന് എല്ലാവരും വിശ്വസിച്ചിരുന്നത്. പാതാളം എന്നത് മാനസാന്തര അനുഭവം ലഭിക്കാത്ത ആത്മാക്കൾ ന്യായവിധിക്കായി കാത്തിരിക്കുന്ന സ്ഥലമാണ്. മുകളിൽ സൂചിപ്പിച്ച ധനവാൻ വസിക്കുന്ന സ്ഥലം. യേശുക്രിസ്തു ഉയിർത്തെഴുന്നേൽക്കും വരെ പാതാളവും പറുദീസയും രണ്ടും ഭൂമിയിൽ തന്നെ ആയിരുന്നതായി വേദപുസ്തകം പറയുന്നു. പാതാളത്തിൽ ഇരിക്കുന്ന ധനവാൻ പറുദീസയിൽ ഇരിക്കുന്ന ലാസറിനോട് സംസാരിക്കുന്നതായി വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു. യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റശേഷം പറുദീസയെ ഭൂമിയിൽ നിന്നും മൂന്നാമത്തെ ആകാശത്തിലേക്ക് കൊണ്ടു പോയി. ഇതിന്റെ തെളിവ് യേശുക്രിസ്തു ഉയിർത്തെഴുന്നേറ്റപ്പോൾ അനേകവിശുദ്ധൻമാരുടെ ശരീരം കല്ലറകളിൽ നിന്നും പുറപ്പെട്ടത് അനേകർ കണ്ടതായി രേഖപ്പെടുത്തിയിരിക്കുന്നു.

## മരിച്ചശേഷം നമ്മുടെ കുടുംബത്തിൽ ഉള്ളവരെ തമ്മിൽ തമ്മിൽ അടയാളം കാണുവാൻ സാധിക്കുമോ?

തീർച്ചയായും സാധിക്കും. അടയാളം കാണുന്ന ഒന്നാമത്തെ സ്ഥലം പാതാളം – പറുദീസ. ഒരു കുടുംബത്തിൽ ഭാര്യയും ഭർത്താവും മാനസാന്തരപ്പെട്ട് മരിച്ചിരുന്നാൽ പറുദീസയിൽ ഇതാ എന്റെ ഭാര്യ, ഇതാ എന്റെ ഭർത്താവ്, ഇതാ എന്റെ മകൻ, ഇതാ എന്റെ മകൾ എന്ന് അടയാളം കാണിക്കുവാൻ സാധിക്കും. പക്ഷേ, ഒരാൾ മാനസാന്തരപ്പെട്ട് മറ്റെയാൾ മാനസാന്തരപ്പെടാതെ മരിച്ചാൽ ധനവാനും ലാസറും പോലെ തന്നെ, മാനസാന്തരപ്പെടാത്ത ഭർത്താവ് പാതാളത്തിൽ വേദന അനുഭവിച്ചുകൊണ്ടിരിക്കും. മാനസാന്തരപ്പെട്ട ഭാര്യ പറുദീസയിൽ ലാസറോടും അബ്രഹാമിനോടും യിസഹാക്കിനോടും കൂടെ ദൈവത്തെ സ്തുതിച്ചു കൊണ്ടിരിക്കും. ഭാര്യയും ഭർത്താവും മാനസാന്തരപ്പെടാതെ മരിച്ചുപോയാൽ രണ്ടുപേരും ഒരുമിച്ച് പാതാളത്തിൽ തന്നെ കാണും. ഇതാ എന്റെ ഭർത്താവ്, ഇതാ എന്റെ ഭാര്യ എന്ന് തമ്മിൽ തമ്മിൽ അടയാളം കാണും. നാം ഏതു പ്രായത്തിൽ മരിച്ചുവോ അതേ പ്രായത്തിൽ തന്നെ പാതാളത്തിലും പറുദീസയിലും കാണപ്പെടും. മരിച്ചു കഴിഞ്ഞാൽ മുകളിൽ പറഞ്ഞ രണ്ടു സ്ഥലങ്ങളിലും ഉള്ളവരുടെ പ്രായം കുറയുകയും ഇല്ല, കൂടുകയും ഇല്ല.

ഇൻഡ്യയിൽ “യേശു വിളിക്കുന്നു” സ്ഥാപകൻ സഹോ. സി.ജി.എസ്. ദിനകരൻ തന്റെ അനുഭവത്തെ പറഞ്ഞപ്പോൾ, അദ്ദേഹത്തിന് ആദ്യമായി ജനിച്ച മകൻ, ജനിച്ച് നാലാമത്തെ ദിവസം തന്നെ അവൻ മരിച്ചു പോയി. അടുത്തവർഷം തന്നെ രണ്ടാമത്തെ മകൻ ജനിച്ചു. അവൻ വളർന്നു. ഒരു ദിവസം സഹോ. ദിനകരൻ യേശുവിനോട് സംസാരിച്ച സംഭവത്തെ അറിയിക്കുന്നു. എനിക്ക് ആദ്യമായി ജനിച്ച് നാലാംദിവസം മരണപ്പെട്ട എന്റെ മകനെ കാണണം. ഇപ്പോൾ അവൻ എങ്ങനെയിരിക്കുന്നുവെന്ന് അറിയുവാൻ ആഗ്രഹമുണ്ട്. ഉടനെ തന്നെ, യേശു ദിനകരനെയും കൂട്ടിക്കൊണ്ട് സ്വർഗ്ഗത്തിലേക്ക് പോയി. അവിടെ ഒരു സ്ഥലത്ത് ദിനകരനെ ഇരുത്തിയിട്ട്

ഉള്ളിൽ കടന്നുചെന്ന് ഒരു ബാല്യക്കാരനെക്കൂട്ടിക്കൊണ്ടു വന്നു. ഇപ്പോഴുള്ള എന്റെ രണ്ടാമത്തെ മകനായ സഹോ. പോൾ ദിനകരനെപ്പോലെ അവനിരിക്കുന്നത് ഞാൻ കണ്ടു. പക്ഷേ, പോൾ ദിനകരനേക്കാൾ പൊക്കക്കൂടുതൽ ഞാൻ അവനിൽ കണ്ടു. മുഖച്ഛായ പോൾ ദിനകരനെപ്പോലെ തന്നെയിരിക്കുന്നു. ഞാൻ അവനെ കെട്ടിപ്പിടിച്ചു. എന്റെ മനസ്സിന്റെ ആഗ്രഹം പൂർത്തിയായി. അവൻ ഉള്ളിൽ പോയി. എന്നെ സ്വർഗ്ഗത്തിൽ നിന്നും ഇറക്കി എന്റെ മുറിയിൽ തന്നെ കൊണ്ടുവന്ന് ആക്കി. ഈ സംഭവം അദ്ദേഹം തന്റെ ജീവചരിത്രത്തിലും എഴുതിയിരിക്കുന്നു. സഹോ. ഡി.ജി.എസ്. ദിനകരൻ നല്ലൊരു പ്രാസംഗികനും പാട്ടുകാരനും ആണ്. അദ്ദേഹത്തിന്റെ വചനഘോഷണത്തിൽ അനേകം പേർ യേശുക്രിസ്തുവിനെ തങ്ങളുടെ രക്ഷിതാവായി സ്വീകരിച്ചിരിക്കുന്നു. പക്ഷേ, ഈ പറഞ്ഞ മൂത്തമകനെ സ്വർഗ്ഗത്തിൽ കണ്ട സംഭവം നൂറുശതമാനം പച്ചക്കള്ളമാണ്. വ്യാജമായ സാങ്കല്പിക കഥമാത്രമാണ്. ആദ്യമായി സഹോ. ദിനകരൻ സ്വർഗ്ഗത്തിൽ പോയിട്ടു വന്നു എന്നു പറയുന്നതു തന്നെ കള്ളമാണ്. ഇന്ന് കേരളത്തിലും പല ചാനലുകളിൽ പല വ്യാജ ദൈവവേലക്കാരും ഇങ്ങനെ പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്. യേശുക്രിസ്തു പറയുന്നത് നിങ്ങൾ ശ്രദ്ധിക്കുക “സ്വർഗ്ഗത്തിൽ നിന്ന് ഇറങ്ങി വന്ന(വനായി സ്വർഗ്ഗത്തിൽ ഇരിക്കുന്നവനായ) മനുഷ്യപുത്രൻ അല്ലാതെ ആരും സ്വർഗ്ഗത്തിൽ കയറിയിട്ടില്ല” (യോഹ. 3:13). തിരുവചനത്തിൽ ഇത്രയും വ്യക്തമായി രേഖപ്പെടുത്തിയിട്ടും വിശ്വാസികളെ വഞ്ചിക്കുന്നതിനു വേണ്ടിയും പണപ്പിരിവു നടത്തുവാൻ വേണ്ടിയും വ്യാജം പറയുവാൻ ഇവർ എത്രമാത്രം ധൈര്യപ്പെടുന്നു. ഇപ്പോഴും ഇവരെപ്പോലെയുള്ള വ്യാജഉപദേശകർക്ക് പണം നൽകുവാൻ ഒരുകൂട്ടർ ഉണ്ടല്ലോ? പൗലോസ് അപ്പോസ്തലൻ പറുദീസയിലേക്ക് മൂന്നാം ആകാശം വരെ പോയി വന്നതായി അദ്ദേഹം തന്നെ രേഖപ്പെടുത്തിയിരിക്കുന്നത് വേദപുസ്തകത്തിൽ നാം വായിക്കുന്നുവല്ലോ! പൗലോസ് പോയത് സ്വർഗ്ഗത്തിൽ അല്ല, അത് പറുദീസയാണ്. അതുകൊണ്ട് ആരായിരുന്നാലും ന്യായവിധിക്കുമുൻപ് സ്വർഗ്ഗത്തിൽ പോകുവാൻ സാധിക്കുകയില്ല.

- രണ്ടാമത്, മനുഷ്യർ തമ്മിൽ തമ്മിൽ തിരിച്ചറിയുവാനുള്ള സ്ഥലം ആയിരം വർഷ ഭരണത്തിലാണ്. മുകളിൽ പറഞ്ഞതുപോലെ ഭാര്യയും ഭർത്താവും മാനസാന്തരപ്പെട്ടിരുന്നാൽ ആയിരം വർഷം ഭരണത്തിൽ തമ്മിൽ തമ്മിൽ തിരിച്ചറിയുവാൻ സാധിക്കും. ആയിരം വർഷ ഭരണത്തിൽ, രോഗമില്ലാത്ത, കുറവുകൾ ഒന്നുമില്ലാത്ത, കുടുംബത്തോടെ തമ്മിൽ തമ്മിൽ കണ്ട് ദൈവത്തെ സ്തുതിക്കുവാൻ സാധിക്കും. ആ കുടുംബത്തിൽ ഒരാൾ വിട്ടുപോയാലും അതറിഞ്ഞ്, അയ്യോ, എന്റെ ഭർത്താവിനെ കാണുന്നില്ലല്ലോ, എന്റെ അപ്പച്ചനെ കാണുന്നില്ലല്ലോയെന്ന് മനസ്സ് വ്യാകുലപ്പെടും.

- മരണശേഷം മരിച്ചവരെ തിരിച്ചറിയാനുള്ള മൂന്നാമത്തെ സ്ഥലം: പുതിയ ആകാശം – പുതിയ ഭൂമി : ഇവിടെയും കുടുംബത്തിൽ രക്ഷിക്കപ്പെട്ട് മരിച്ചവരെ ഒരാൾ മറ്റൊരാളെ അടയാളം കണ്ട് ദൈവത്തെ സ്തുതിക്കും.

- ന്യായവിധിക്കുശേഷം നിങ്ങൾക്ക് സ്വർഗ്ഗത്തിലേക്ക് പ്രവേശിക്കുവാനുള്ള ഭാഗ്യം കിട്ടിയാൽ അവിടെ ആരുടേയും അടയാളം കണ്ടു പിടിക്കുവാൻ സാധിക്കുകയില്ല. അപ്പൻ, അമ്മ, ഭാര്യ, ഭർത്താവ്, മകൻ, മകൾ എന്ന് ആരെയും തിരിച്ചറിയുവാൻ സാധിക്കുകയില്ല. കാരണം, അവിടെ നാം എല്ലാവരും ദൈവദൂതൻമാരെപ്പോലെ ഇരിക്കും എന്ന് യേശുക്രിസ്തുവും പൗലോസ് അപ്പോസ്തലനും പറഞ്ഞിരിക്കുന്നു. ദൈവദൂതൻമാർ ആണും പെണ്ണും അല്ലാത്തവരായിരിക്കും. അവിടെ പിതാവ്–പുത്ര–പരിശുദ്ധാത്മാവായ ത്രിയേക ദൈവത്തെ കണ്ട് സ്തുതിച്ച് കാലങ്ങളോളം ജീവിക്കുവാൻ സാധിക്കും.

ഞാൻ മരണത്തെ മുഖാമുഖം കാണുവാൻ ആഗ്രഹിച്ചു. പക്ഷേ, മരിക്കുവാൻ ആഗ്രഹിച്ചിട്ടില്ല. ഈ വ്യത്യാസത്തെ നിങ്ങൾ മനസ്സിലാക്കണം. പൗലോസ് അപ്പൊസ്തലൻ ഇങ്ങനെ പറഞ്ഞു : "എനിക്കു ജീവവിക്കുന്നത് ക്രിസ്തുവും മരിക്കുന്നത് ലാഭവും ആകുന്നു. എന്നാൽ ജഡത്തിൽ ജീവിക്കുന്നതിനാൽ എന്റെ വേലക്കു ഫലം

വരുമെങ്കിൽ ഏതു തെരഞ്ഞെടുക്കേണ്ടു എന്നു ഞാൻ അറിയുന്നില്ല. ഇവ രണ്ടിനാലും ഞാൻ ഞെരുങ്ങുന്നു. **വിട്ടുപിരിഞ്ഞു ക്രിസ്തുവിനോടുകൂടെ ഇരിപ്പാൻ എനിക്ക് ആകാംക്ഷയുണ്ട്** . അത് അത്യുത്തമമല്ലോ? എന്നാൽ ഞാൻ ജഡത്തിൽ ഇരിക്കുന്നത് നിങ്ങൾ നിമിത്തം ഏറെ ആവശ്യം" (ഫിലി. 21–24). ഇവിടെ പൗലോസ് പറയുന്നതിന്റെ അർത്ഥം എന്തെന്നാൽ, മരിച്ച് യേശുക്രിസ്തുവിനോടൊപ്പം ജീവിക്കുവാൻ കൊതിയുണ്ട്. എങ്കിലും ഇവിടെയുള്ള വിശ്വാസികളെ വളർത്തിയെടുക്കുവാനും സുവിശേഷം അറിയാത്ത ദേശങ്ങളിൽ സുവിശേഷം അറിയിക്കുന്നതും ഏറെ ആവശ്യം, അതുകൊണ്ടാണ് ഞാൻ ജീവിക്കുന്നത്.

അതുപോലെ തന്നെ, കൊറോണ ബാധിതനായി ആശുപത്രിയിൽ കഴിഞ്ഞ 14 നാളുകളിൽ കഷ്ടത അനുഭവിച്ചപ്പോൾ നാലാം ദിവസം ശ്വസിക്കുവാൻ കഴിയാതെ ഓക്സിജൻ ലെവലും കുറഞ്ഞു പോയി. എന്റെ നാഡി സ്പന്ദനവും കുറഞ്ഞു വന്നപ്പോൾ, ഇനിയും ചില നിമിഷങ്ങൾക്കകം ഞാൻ മരിച്ചുപോകും എന്നു ഞാൻ മനസ്സിലാക്കി.

എന്റെ ദൈവവേലയുടെ ആരംഭനാളുകളിൽ ഞങ്ങളും വി.ബി.എസ്. ലെ കുഞ്ഞുങ്ങളെ ഞാൻ ഒരുപാടു പഠിപ്പിച്ചു.

എപ്പോൾ കാണും ഞാൻ, എപ്പോൾ ചേരും ഞാൻ

മോക്ഷവീട്ടയെ, മോക്ഷനാട്ടയെ

എന്നേശുനാഥൻ അങ്ങിരിക്കുമല്ലോ എനക്കിമ്പമേ

എപ്പോൾ കാണും ഞാൻ എപ്പോൾ ചേരും ഞാൻ

മോക്ഷ വീട്ടയേ, മോക്ഷനാട്ടയെ

ഈ പാട്ട് പെട്ടെന്ന് എന്റെ ഓർമ്മയിൽ വന്നു. ആ രാത്രി എനിക്ക് മരണഭയത്തെ ഉണ്ടാക്കിയില്ല. എന്റെ കുടുംബത്തെ ഞാൻ ഓർത്തില്ല. ഞാൻ മരണത്തോട് വളരെ അടുത്തെത്തി. എപ്പോൾ കാണും ഞാൻ എപ്പോൾ ചേരും

ഞാൻ എന്ന ആ കൊതി ആശുപത്രിയിൽ ആയിരുന്ന ആ രാത്രിയിൽ മാത്രമല്ല, ഈ ലേഖനം എഴുതിക്കൊണ്ടിരിക്കുന്ന ഇപ്പോഴും എന്റെ ഹൃദയത്തിൽ ഉണ്ട്. ചില നിമിഷങ്ങളിൽ മരണത്തെ സന്ദർശിക്കേണ്ടതായിരുന്നു. എന്നാൽ ദൈവത്തിന്റെ ഉദ്ദ്യേശ്യം വേറെ ആയിരുന്നു. ദൈവം എന്റെ ആയുസ്സിനെ നീട്ടിത്തന്നു. അതിന് ദൈവത്തിന് ഒരു ഉദ്ദ്യേശ്യവും പദ്ധതിയും ഉണ്ടായിരുന്നു. കൊറോണ കാരണം കൺവെൻഷനുകൾ ഇല്ലാതെപോയാലും ജാമക്കാരൻ മാസിക വഴിയായും ഫോൺ മുഖേനയും വായനക്കാരെ അറിയികേകണ്ട വിഷയങ്ങൾ ധാരാളം ഉണ്ട്. ആ പ്രധാന വിഷയങ്ങളെ മാസിക വഴി ഞാൻ എഴുതി തീരും വരെ ഫോൺ മുഖേന അറിയിക്കുന്നതുവരെയും എന്റെ ആയുസ്സിന് ദൈർഘ്യം ഉണ്ടാകും എന്നു ഞാൻ വിശ്വസിക്കുന്നു. ദൈവം എന്ത് കൊണ്ട് അറിയിക്കുവാൻ ആഗ്രഹിക്കുന്നു എന്നുള്ള വിഷയം ഞാൻ അറിയുന്നില്ല. എഴുതുവാനുള്ള വിഷയങ്ങളെ കുറെശ്ശെയായി എന്നെ അറിയിക്കും എന്നും ഞാൻ വിശ്വസിക്കുന്നു. മറ്റൊരു കാരണവും ഉണ്ട്. ഹിസ്ക്കിയാരാജാവിനോട് യെശയ്യാ പ്രവാചകൻ ദൈവത്തിന്റെ അരുളപ്പാടായ **നിന്റെ ഗൃഹക്കാര്യം ക്രമത്തിലാക്കുക** എന്ന് അറിയിച്ചു. ആ സമയങ്ങളിൽ ഹിസ്ക്കിയാവ് തന്റെ ഗൃഹകാര്യങ്ങളൊന്നും ക്രമീകരിച്ചിരുന്നില്ല. ഹിസ്ക്കിയാരാജാവ് കരഞ്ഞ് ദൈവത്തോട് അപേക്ഷിച്ചപ്പോൾ ദൈവം അവന്റെ ആയുസ്സിനോട് പതിനഞ്ചുവർഷം നീട്ടിക്കൊടുത്തു. ഈ ചരിത്രം അപ്പോൾ എന്റെ ഓർമ്മയിൽ വന്നു. എനിക്കു രണ്ടു മക്കൾ ഉണ്ട്. ഒരു മകനും ഒരു മകളും. അവരെ എല്ലാവരേയും കുടുംബസ്ഥരാക്കി. എനിക്ക് രണ്ടു വീടുകൾ ഉണ്ട്. ഒന്ന്, 165 വർഷങ്ങൾക്കു മുൻപ് മൺചുവരുകളാൽ പണിത ഓടുമേഞ്ഞ വീട്. അതിലാണ് കഴിഞ്ഞ 81 വർഷങ്ങളായി എന്റെ ജാമക്കാരൻ ഓഫീസും കൂടെ ഞങ്ങൾ കുടുംബമായിട്ട് താമസിക്കുന്നതും. മറ്റൊന്ന്, എന്റെ ഭാര്യക്ക് ഗവൺമെന്റ് ആശുപത്രിയിൽ നിന്നും ലഭിച്ച പണത്തിൽ നിന്നും ആശുപത്രി ജീവനക്കാർക്കായി വാങ്ങിയ പ്ളോട്ടുകളിൽ ഒരെണ്ണം സ്ക്വയർ ഫീറ്റിന് 2 രൂപ 75 പൈസ നിരക്കിൽ വാങ്ങിയതാണ്. 10 വർഷം കഴിഞ്ഞ് സഹകരണ സൊസൈറ്റിയിൽ നിന്നും ലോൺ വാങ്ങി വീടു പണിയിച്ചു. ആ

വീട് ഇപ്പോൾ വാടകയ്ക്ക് കൊടുത്തിരിക്കുകയാണ്. ഈ രണ്ടു വീടല്ലാതെ ഞങ്ങൾക്ക് വേറെ സ്വത്തുകൾ ഒന്നും ഇല്ല. ചില വർഷങ്ങൾക്കുമുൻപ് ഞാനും എന്റെ ഭാര്യയും മക്കളുടെ പേരിൽ വിൽപത്രം തയ്യാറാക്കി വച്ചു. ഈ കൊറോണ ഉൽഭവത്തിനുശേഷം മരണത്തിന്റെ വക്കോളം പോയി മടങ്ങി വന്ന ഉടൻ ആ വിൽപത്രത്തെ കീറയിട്ട് ഒരു വീട് മകനും ഒരു വീട് മകൾക്കുമായി ഇഷ്ടദാനമായി നൽകി. അത് രജിസ്റ്റർ ചെയ്തു ആധാരം രണ്ടുപേരുടേയും കൈകളിൽ ഏൽപിച്ചു കഴിഞ്ഞു. ഇപ്പോൾ ഞങ്ങൾക്ക് രണ്ടുപേർക്കും സ്വന്തമായിട്ട് ഒരു തുണ്ട് ഭൂമിയോ ഭവനമോ ഇല്ല. ഇതാണ് ഞങ്ങളുടെ ഇപ്പോഴത്തെ സ്ഥതി. ഞങ്ങളുടെ മരണം വരെ ഇതേ ഭവനത്തിൽ തന്നെ ഞങ്ങൾ താമസിക്കും എന്നു കർത്താവിൽ ഞങ്ങൾ വിശ്വസിക്കുന്നു.

എപ്പോ കാണും ഞാൻ എപ്പോ ചേരും ഞാൻ എന്ന വാഞ്ചയോടെ, മരണഭയം ഏതും ഇല്ലാതെ ദൈവവേല ചെയ്തു കൊണ്ടിരിക്കുന്നു. ദൈവം ഞങ്ങളെ എപ്പോൾ വിളിച്ചാലും ദൈവത്തിന്റെ പാദപീഠത്തിൽ എത്തിച്ചേരും എന്നുള്ള ഉറപ്പോടെ ദൈവത്തെ സ്തുതിച്ചുകൊണ്ട് സന്തോഷമായിട്ട് ജീവിക്കുന്നു. ഇങ്ങനെയുള്ള ചിന്ത ഞങ്ങളുടെ ഉള്ളിൽ കൊണ്ടു വന്ന കർത്താവിന് സ്തോത്രം. ഓരോരോ ദിവസവും ഞങ്ങൾ ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ കുറ്റബോധം ഇല്ലാതെ ദൈവസന്നിധിയിൽ സ്തോത്രത്തോടെ കാത്തിരിക്കുന്നു. വായനക്കാരോട് ഞങ്ങൾക്ക് പറയുവാനുള്ളത് നിങ്ങൾക്ക് മരണഭയം ഇല്ലാതെ ജീവിക്കണമെങ്കിൽ മാനസാന്തരപ്പെട്ട് ദൈവകരങ്ങളിൽ നിങ്ങളെ തന്നെ പൂർണ്ണമായും സമർപ്പിക്കുക. ദൈവം നിങ്ങളെ എല്ലാവരേയും അനുഗ്രഹിക്കുമാറാകട്ടെ, ആമേൻ.

“ധാന്യവും വീഞ്ഞും വർദ്ധിച്ചപ്പോൾ അവർക്കുണ്ടായതിലും അധികം സന്തോഷം നീ എന്റെ ഹൃദയത്തിൽ നൽകിയിരിക്കുന്നു. ഞാൻ സമാധാനത്തോടെ കിടന്നുറങ്ങും; നീയല്ലോ യഹോവെ, എന്നെ നിർഭയം വസിക്കുമാറാക്കുന്നത്” (സങ്കീ. 4:7,8).

# ഭാരതത്തിന്റെ 75–ാം സ്വാതന്ത്ര്യദിനാശംസകൾ





നമ്മുടെ ഭാരതദേശമായ ഇന്ത്യയ്ക്ക് പൂർണ്ണസ്വാതന്ത്ര്യം ലഭിച്ചതിനായി നമുക്ക് ദൈവത്തെ സ്തുതിക്കാം. സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടിയവർ, ജയിൽശിക്ഷ അനുഭവിച്ചവർ, സ്വാതന്ത്ര്യത്തിനുവേണ്ടി പോരാടി തങ്ങളുടെ കുടുംബങ്ങൾ നഷ്ടപ്പെട്ടവർ എല്ലാവർക്കും വേണ്ടിയും നമുക്ക് ദൈവത്തെ സ്തുതിക്കാം. സാഹിത്യരചനകളിലൂടെയും കവിതകളിലൂടെയും തെരുവ് നാടകങ്ങളിലൂടെയും ഗ്രാമങ്ങൾ തോറും സ്വാതന്ത്ര്യത്തിനുവേണ്ടി ഉണർവ് നടത്തിയ എല്ലാവരേയും വാഴ്ത്തുന്നു. നമ്മുടെ രാജ്യത്തിനുവേണ്ടി നമുക്ക് എല്ലാവർക്കും തുടർന്നും പ്രാർത്ഥിക്കാം.

**AUGUST-2021**

# Printed Book (Periodical)

**RNI Reg. No. TNBIL/2016/70171**

**Annual Subscription:**
**India - Rs.60/**
**Foreign - Rs.600/**

**Return Requested:**

**Dr.PUSHPARAJ**
**SALEM - 636 005**
**INDIA.**

Printed at P.M.Press,168,Arumuga Nagar, Salem-636 015
Edited & Published by **Dr.Pushparaj,** 89.Majeeth Street,
Old Suramangalam, Salem - 636 005. Tamil Nadu.INDIA.